പതിമൂന്നാം കേരള നിയമസഭ<br>പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1878 — 17.03.2015-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളി പെൻഷൻ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എസ്.ശർമ്മ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളി പെൻഷൻ കാർക്ക് യഥാസമയം പെൻഷൻ വിതരണം ചെയ്യുന്നതിൽ വീഴ്ച വന്നിരിക്കുന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | നിലവിൽ 2014 ഒക്ടോബർ മാസം വരെ പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. പെൻഷൻ വിതരണം നടത്തുന്നത് മത്സ്യത്തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ട് മുഖേനെയാണ്. ബാങ്ക് അക്കൗണ്ട് തരാത്തവർ, തെറ്റായി ബാങ്ക് അക്കൗണ്ട് തന്നവർ, ലൈഫ് സർട്ടിഫിക്കറ്റ് തരാത്തവർ, ബാങ്ക് പാസ്സ് ബുക്കിലെ പേരും, ക്ഷേമനിധി പാസ്സ്ബുക്കിലെ പേരും വ്യത്യസ്ഥമായി ട്ടുള്ളവർ, സ്ഥലത്ത് ഇല്ലാത്തവർ, ഡോർമെന്റ് അക്കൗണ്ട് നമ്പർ തരുന്നവർ എന്നീ വിഭാഗത്തിൽ പ്പെട്ടവർക്ക് പെൻഷൻ നൽകുന്നതിൽ തടസ്സം നേരിടുന്നുണ്ട്. കൃത്യമായി മേൽ വിവരങ്ങൾ തന്നവർക്ക് പെൻഷൻ കൃത്യമായി നൽകുകയും അല്ലാത്തവരുടെ ന്യൂനത പരിഹരിച്ച് കൊണ്ട് പെൻഷൻ വിതരണം ചെയ്തു വരുന്നു. |
| (ബി) | പെൻഷൻകാരുടെ ഭാഗത്ത് നിന്നല്ലാത്ത സാങ്കേതിക പ്രശ്നങ്ങൾ പറഞ്ഞ് തുടർച്ചയായി പെൻഷൻ നിഷേധിക്കുന്നത് പരിഹരിക്കുന്നതിനായി ഇത്തര ത്തിൽ പെൻഷൻ ലഭിക്കാത്ത വർക്ക് മണിയോഡർ ആയോ, ഡിഡി ആയോ പെൻഷൻ കൊടുക്കുന്നതി നുള്ള നടപടി സ്വീകരിക്കുമോ ; | (ബി) | സാങ്കേതിക കാരണങ്ങളാൽ പെൻഷൻ നിഷേധിച്ചിട്ടില്ല. പെൻഷൻകാരുടെ ഭാഗത്ത് നിന്നും ശരിയായ വിവരം നൽകാത്തത്കൊണ്ടുള്ള തകരാർ കൊണ്ട് മാത്രമേ പെൻഷൻ വിതരണം തടസ്സമാകുന്നുള്ളൂ. NEFT പ്രകാരമാണ് ഇപ്പോൾ പെൻഷൻ നൽകിവരുന്നത്. എന്നിരുന്നാലും ശാരീരികമായി വൈകല്യം ബാധിച്ചവർക്കും, പ്രായാധിക്യം കൊണ്ട് ബാങ്കിൽ പോയി പെൻഷൻ വാങ്ങാൻ സാധിക്കാത്തവർക്കും അവരുടെ ആവശ്യ പ്രകാരം സ്വന്തം ചിലവിൽ മണിയോർ-ഡർ വഴി പെൻഷൻ നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | എറണാകുളം ജില്ലയിലെ എത്ര മത്സ്യത്തൊഴിലാളി പെൻഷൻ കാർക്കാണ് പെൻഷൻ കുടിശ്ശിക നൽകാനുള്ളതെന്ന് ലിസ്റ്റ് തിരിച്ച് വ്യക്തമാക്കാമോ ? | (സി) | 2014-15 സാമ്പത്തിക വർഷത്തിൽ എറണാകുളം ജില്ലയിൽ വാർദ്ധക്യകാല പെൻഷൻ മൊത്തം 8793 പേർക്ക് നൽകിയിട്ടുണ്ട്. (ഇതിൽ മത്സ്യത്തൊഴിലാളി വിഭാഗത്തിൽ 6098 പേർക്കും അനുബന്ധത്തൊഴിലാളി വിഭാഗത്തിൽ 1034 പേർക്കും വിധവാ പെൻഷൻ 971 പേർക്ക് ബാങ്ക് മുഖേനയും, മണിഓഡർ ആയി 690 പേർക്കും പെൻഷൻ നൽകിയിട്ടുണ്ട്.)<br><br>ബാങ്ക് അക്കൗണ്ട് സംബന്ധമായ ആവശ്യവിവരങ്ങൾ നൽകാത്തതിനാൽ മത്സ്യത്തൊഴിലാളി വിഭാഗത്തിൽ 39 അപേക്ഷയും, അനുബന്ധത്തൊഴിലാളി വിഭാഗത്തിൽ 32 അപേക്ഷയും വിധവാ പെൻഷണർമാരുടെ 8 അപേക്ഷയും കൂടി മൊത്തം 79 അപേക്ഷയിൽ തീർപ്പ് കല്പിക്കാനുണ്ട്. |

Jayasree

സെക്ഷൻ ഓഫീസർ